<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 479</u>      <u>16-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ജലമാർഗ്ഗമുള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം കണക്കിലെടുത്ത് ജലമാർഗ്ഗം ഉള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് മാർഗ്ഗം ചരക്ക് ഗതാഗതത്തിന് ഉൾപ്പെടെ നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കി വരുന്നു. സംസ്ഥാന പാതകൾ ഘട്ടം ഘട്ടമായി നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>എന്നാൽ റോഡ് മാർഗ്ഗേനയുള്ള ചരക്ക് ഗതാഗതത്തേക്കാൾ കൂടുതൽ സുഗമമായും കാര്യക്ഷമമായും കുറഞ്ഞ ചെലവിൽ ജലമാർഗ്ഗേന ചരക്ക് ഗതാഗതം നടപ്പാക്കുവാൻ സാധിക്കുമെന്നതും, റോഡിലെ ട്രാഫിക് ബ്ലോക്ക്, വാഹനബാഹുല്യം എന്നിവ കുറയ്ക്കുന്നതിനും അത് മൂലമുള്ള സമയനഷ്ടം, ഇന്ധനനഷ്ടം എന്നിവ പരിഹരിച്ച് ഇന്ധനചെലവ്, അന്തരീക്ഷ മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് കഴിയുമെന്നതും, റോഡ് മാർഗ്ഗേനയുള്ള ചരക്ക് ഗതാഗതത്തേക്കാൾ അപകടസാധ്യത കുറവാണെന്നതും പരിഗണിച്ച് ജലപാതയിലൂടെയുള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിനായി കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളേയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിൽ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും 288 കി.മീ. ദൈർഘ്യത്തിൽ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെ (328 കി.മീ.) ദേശീയ |

ജലപാത (NW3) ആയി പ്രഖ്യാപിച്ചിട്ടുള്ളതും കേന്ദ്രസർക്കാർ സ്ഥാപനമായ ദേശീയ ജലപാത അതോറിറ്റി (IWAI)-യുടെ അധീനതയിലുമാണ്.

ജലപാതാ വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാതകൾ ദേശീയനിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നതിനോടൊപ്പം തന്നെ ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും ഫീഡർ കനാലുകളുമായി 1100 കി.മീ. വരുന്ന കനാൽ ശൃംഖല വെസ്റ്റ് കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നു. ചരക്ക് ഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഇത്തരം ഫീഡർ കനാലുകളും, ലിങ്ക് കനാലുകളും കണ്ടെത്തുന്നതിനും മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ, കനാലിന്റെ വീതി / ആഴം കൂട്ടൽ പ്രവൃത്തികൾ, പാർശ്വ സംരക്ഷണ പ്രവൃത്തികൾ, ബോട്ട് ജെട്ടികൾ, നാവിഗേഷൻ ലോക്കുകൾ, അപ്രോച്ച് റോഡുകൾ എന്നിവയുടെ നിർമ്മാണം, ജലപാതയ്ക്ക് ആവശ്യമായ ക്ലിയറൻസ് ലഭ്യമാകുന്ന വിധത്തിൽ പാലങ്ങളുടെ നിർമ്മാണം, പുനർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. പശ്ചിമതീര കനാലിന്റെ വികസനത്തോടൊപ്പം ഫീഡർ കനാലുകളുടെ വികസനവും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കിഫ്ബിയുടെ ധനസഹായത്തോടു കൂടി വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനവുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തനങ്ങൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടത്തി വരുന്നുണ്ട്. മാഹി - വളപട്ടണം ഭാഗത്ത് 3 ഇടങ്ങളിലായി 26 കി.മീ. പുതിയ കനാൽ നിർമ്മാണവും, കാസറഗോഡ് ജില്ലയിൽ നീലേശ്വരം കോട്ടപ്പുറം മുതൽ ചിത്താരി വരെ നീലേശ്വരം പുഴയെയും ചിത്താരിപുഴയെയും ബന്ധിപ്പിച്ചുകൊണ്ട് 6.5 കി.മീ. നീളത്തിൽ പുതിയ കനാൽ നിർമ്മിക്കുന്നതും അതിൽ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് ജലമാർഗ്ഗമുള്ള ചരക്കുനീക്കം നടത്തുന്നതിനുതകുന്ന 8-ബാർജ്ജുകൾ നിലവിലുണ്ട്. മുഖ്യമായും കൊച്ചി തുറമുഖത്തു നിന്നും ചമ്പക്കര കനാലിലൂടെയും ഉദ്യോഗമണ്ഡൽ കനാലിലൂടെയും എഫ്.എ.സി.റ്റി.-ക്കു വേണ്ടിയും, കൊച്ചി തുറമുഖ പരിധിയിൽ കപ്പലുകൾക്ക് ഇന്ധനം നൽകുന്നതിനും വേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്. കൊച്ചി-കൊല്ലം ജലപാതയിലൂടെ ചവറ കെ.എം.എം.എൽ.-നു വേണ്ടി ചരക്കുനീക്കത്തിന് കെ.എസ്.ഐ.എൻ.സി.-യുമായി ധാരണയുണ്ടെങ്കിലും തൃക്കുന്നപ്പുഴ ഭാഗത്ത് നിലവിലുള്ള ലോക്കിൽ കൂടി വീതി കൂടിയ ബാർജ് കടന്നു പോകുന്നതിന് തടസ്സം നേരിടുന്നതിനാൽ ലോക്കിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പാത മുഖാന്തിരം ചരക്കു ഗതാഗതം സുഗമമായി നടത്തുവാൻ സാധിക്കുന്നതാണ്.<br><br>വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണ തോതിൽ വികസിപ്പിക്കുന്നതോടുകൂടി ഏറ്റവും ചെലവു കുറഞ്ഞ ഗതാഗത മാർഗ്ഗമായ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം പൂർണ്ണമായും സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ